(11) പാലക്കാട് ജില്ലയിൽ കുഴൽമന്ദത്ത് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. കെ. ബാലൻ: സർ, പാലക്കാട് ജില്ലയിലെ പാവപ്പെട്ട എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക്, എസ്.എസ്.എൽ.സി. കഴിഞ്ഞാൽ താമസിച്ചു പഠിക്കാൻ പ്രത്യേക പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഇല്ല. ഇതു കണക്കിലെടുത്തുകൊണ്ട് പാലക്കാട് ജില്ലാ പഞ്ചായത്ത് 2003-04 സാമ്പത്തിക വർഷം ഏതാണ്ട് ഒരു കോടി രൂപ കുഴൽമന്ദത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ തുടങ്ങുന്നതിനുവേണ്ടി നീക്കിവച്ചു. ഗവൺമെന്റ് അംഗീകാരം ലഭിച്ചിട്ടില്ല. അവിടെ താമസിച്ചു പഠിക്കാൻ 30 വിദ്യാർത്ഥിനികളെ ലഭിക്കുകയില്ല എന്ന് സംശയം പ്രകടിപ്പിച്ചിട്ടാണ് ഇതിന് അംഗീകാരം തരാതിരിക്കുന്നത്. പ്ളസ് ടു പാസ്സായിട്ടുള്ള 100 കണക്കിന് വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ഇപ്പോൾ പഠിക്കാൻ കഴിയുന്നില്ല. നെല്ലിയാമ്പതി എസ്റ്റേറ്റിലെ തൊഴിലാളികളുടെ മക്കളായ എം. പ്രസീന എസ്.എസ്.എൽ.സി.-ക്ക് 391 മാർക്കു കിട്ടിയ പട്ടികവർഗ്ഗ വിദ്യാർത്ഥിനിയാണ്. അതുപോലെ കലാരഞ്ജിനി, അമൃത തുടങ്ങിയ പെൺകുട്ടികളൊക്കെ പഠനം നിർത്തിക്കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കുഴൽമന്ദത്ത് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ തുടങ്ങുന്നതിന് അനുവാദം തരണം. കാശ് പൂർണ്ണമായും ജില്ലാ പഞ്ചായത്ത് കൊടുക്കും.

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): സർ, പാലക്കാട് ജില്ലയിലെ കുഴൽമന്ദം എന്ന സ്ഥലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിച്ചു തരാമെന്ന് ജില്ലാ പഞ്ചായത്ത് പ്രമേയത്തിലൂടെ സർക്കാരിനോട് അറിയിച്ചിരുന്നു. അതിനായി ഒരു ബഹുവർഷ പ്രോജക്ട് അംഗീകരിച്ചതായും അറിയിച്ചിട്ടുണ്ട്. സ്ഥലം ഇന്നുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ജില്ലാ വികസനസമിതിയുടെ ശുപാർശപ്രകാരം, ജില്ലാ കളക്ടർ, ആവശ്യമായ സ്ഥലം കണ്ടെത്താൻ വേണ്ടി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയും ജില്ലാ പട്ടികജാതി വികസന ഓഫീസറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും ഗ്രാമ പഞ്ചായത്ത് സ്ഥലം ലഭ്യമാക്കി ജില്ലാ പഞ്ചായത്ത് കെട്ടിടം പണിത് വകുപ്പിനെ എൽപ്പിക്കണമെന്ന വ്യവസ്ഥയോടുകൂടി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കുഴൽമന്ദത്ത് ആരംഭിക്കാനായി ഉത്തരവു നൽകുന്നതാണ്.

(12) കോഴിക്കോട് മെഡിക്കൽ കോളേജിലെ മൃതദേഹങ്ങൾ സ്വകാര്യ മെഡിക്കൽ കോളേജിനു വിറ്റതു സംബന്ധിച്ച്

ശ്രീ. മത്തായി ചാക്കോ: സർ, കോഴിക്കോട് മെഡിക്കൽ കോളേജിലെ അനാട്ടമി വിഭാഗത്തിലെ മൂന്ന് മൃതദേഹങ്ങൾ ഇന്നലെ അവിടെയുള്ള വകുപ്പുമേധാവി മെഡിക്കൽകോളേജ് പ്രിൻസിപ്പലിന്റെയോ ഗവൺമെന്റിന്റെയോ ഡി.എം.ഇ.യുടെയോ അനുവാദമില്ലാതെ പെരിന്തൽമണ്ണയിലെ യൂണിവേഴ്സിറ്റി അഫിലിയേഷൻ ഇല്ലാത്ത എം.ഇ.എസ്. മെഡിക്കൽ കോളേജിന് വിറ്റുകാശാക്കി. അവിടെ കുട്ടികൾക്ക് പഠിക്കാനുള്ള മൂന്ന് മൃതദേഹങ്ങൾ 15,000 രൂപ തോതിൽ വിറ്റ് അത്

LIBRARY ARCHIVES Kerala Legislative Assembly

ട്രഷറിയിലടയ്ക്കാതെ സ്വന്തം പോക്കറ്റിൽ വയ്ക്കാനുള്ള ശ്രമമാണ് നടത്തിയത്. 200 മെഡിക്കൽ വിദ്യാർത്ഥികൾ പഠിക്കുന്ന ഈ കോളേജിൽ ഒരു മൃതദേഹത്തിനുമേൽ 30 കുട്ടികൾക്കുവരെയാണ് അവിടെ പ്രായോഗിക പരിശീലനം നൽകുന്നത്. ഏലിയാമ്മ ഫെൻ എന്നുപറയുന്ന*** ആലപ്പുഴ മെഡിക്കൽ കോളേജിലെ.....

മി. സ്പീക്കർ: Don't use such words. I don't want to create any bad precedents. I don't agree. ഒരു ബഹുമാനപ്പെട്ട അംഗം അങ്ങനെയൊന്നും ഒരു ഡോക്ടറെപ്പറ്റിയായാലും ആരെപ്പറ്റിയായാലും പറയാൻ പാടില്ല, അത് രേഖയിൽ കാണില്ല.

ശ്രീ. മത്തായി ചാക്കോ: സമരത്തിൽ പങ്കെടുത്ത ആനി കടയ്ക്കൽ എന്നുപറയുന്ന വിദ്യാർത്ഥിയെ പീഡിപ്പിച്ചതിനെത്തുടർന്ന് ആ കുട്ടി ട്രെയിനിനു തലവച്ച് മരിച്ചു. അവിടെ അന്വേഷണം നടത്തി punishment transfer ആയി കോഴിക്കോട് മെഡിക്കൽ കോളേജിൽ വന്നാണ് ആ സ്ത്രീ ഇങ്ങനെ ശവം വിറ്റ് കാശാക്കുന്നത്. അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം, അവരെ സർവ്വീസിൽനിന്ന് തന്നെ remove ചെയ്യണം. മലയാള മനോരമ, ദേശാഭിമാനി, മാതൃഭൂമി തുടങ്ങിയ എല്ലാ പത്രങ്ങളിലും ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: എല്ലാ പത്രങ്ങളും അവരെ സസ്പെൻഡ് ചെയ്തുവെന്നും എഴുതിയിട്ടുണ്ട്. പിന്നെ ഇവിടെ പറയേണ്ട വല്ല കാര്യവുമുണ്ടോ, നിർബന്ധിച്ചതുകൊണ്ട് അനുവദിച്ചതാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ബഹുമാനപ്പെട്ട മെമ്പർക്കും സഭയ്ക്കും അറിയാവുന്നതുപോലെ ഈ സംഗതി നടക്കുന്നത് ഇന്നലെ ഒരു 11 - 11.30 മണിക്കാണ്. ഗവണ്മെന്റ് അപ്പോൾത്തന്നെ അറിഞ്ഞു, അറിഞ്ഞയുടൻ തന്നെ ഇതുസംബന്ധിച്ച് അന്വേഷണം നടത്താനായി ഡി.എം.ഇ.-ക്ക് ഡയറക്ഷൻ കൊടുത്തു. അവിടെ പ്രിൻസിപ്പലായി ചുമതല വഹിക്കുന്ന ശ്രീമതി പാർവ്വതി അതേകോളേജിലെ രണ്ട് പ്രൊഫസർമാരെവച്ച്, കാർഡിയോളജിയുടേയും സർജറിയുടേയും വകുപ്പ് തലവന്മാരടങ്ങുന്ന ഒരു കമ്മിറ്റിയെക്കൊണ്ട് സംഭവം അന്വേഷിപ്പിച്ചു, റിപ്പോർട്ട് നൽകി. അന്വേഷണത്തിൽ അനാട്ടമി വിഭാഗം മേധാവി ഡോ. ഏലിയാമ്മ ഫെൻ നടപടിക്രമങ്ങൾ മറികടന്നാണ് ഒരു സ്വകാര്യ മെഡിക്കൽ കോളേജിന് മൃതദേഹങ്ങൾ വിൽക്കാൻ ശ്രമിച്ചതെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തി. ഡോ. ഏലിയാമ്മ ഫെന്നിനെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്നാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും ശുപാർശ ചെയ്തത്. ഗവൺമെന്റ് അന്നുവൈകിട്ടുതന്നെ ശുപാർശ വരുത്തി അത് പരിശോധിച്ച്, ശരിയാണെന്നുകണ്ട് അവരെ സസ്പെൻഡു ചെയ്യുകയും വിശദമായ അന്വേഷണം നടത്തുന്നതിന് Joint Director of Medical Education ആയ ഡോ. ശ്രീലതയെ നിയോഗിക്കുകയും ചെയ്തു.

***സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly